# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 10

# വാർത്താക്കുറിപ്പ്

## എം.ജി. യു.ജി. ഏകജാലകം രണ്ടാംഘട്ട അലോട്ട്മെന്റ്: ഓപ്ഷനുകൾ ഇന്ന് (ജൂൺ 11) വൈകീട്ട് അഞ്ചുവരെ പുനക്രമീകരിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാം അലോട്മെന്റിന് ഇന്ന് (ജൂൺ 11) വൈകീട്ട് അഞ്ചുവരെ ഓപ്ഷൻ പുനഃക്രമീകരിക്കാം. ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താവുന്നതാണ്. പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം അലോട്മെന്റ് വഴി താത്കാലിക പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ലഭിച്ച ആദ്യ അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരാം. ഇങ്ങനെ മാറ്റം ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടും. സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതില്ല.

(പി.ആർ.ഒ./39/1037/2019)

## എം.ജി. പി. ജി. ഏകജാലകം രണ്ടാംഘട്ട അലോട്ട്മെന്റ്: ഓപ്ഷനുകൾ ഇന്ന് (ജൂൺ 11) വൈകീട്ട് അഞ്ചുവരെ പുനക്രമീകരിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിന്റെ രണ്ടാം അലോട്മെന്റിന് ഇന്ന് (ജൂൺ 11) വൈകീട്ട് അഞ്ചുവരെ ഓപ്ഷൻ പുനഃക്രമീകരിക്കാം. ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താവുന്നതാണ്. പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം അലോട്മെന്റ് വഴി താത്കാലിക പ്രവേശം ലഭിച്ച വിദ്യാർത്ഥികൾ ലഭിച്ച ആദ്യ അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരാം. ഇങ്ങനെ മാറ്റം ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടും. സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതില്ല.

(പി.ആർ.ഒ./39/1038/2019)

## പുതുക്കിയ പരീക്ഷ തീയതി

ജൂൺ നാലിന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.ആർക് (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 14നും നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് ഇലക്ടീവ് (2017 അഡ്മിഷൻ - റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - സി.എസ്.എസ്.), നാലാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി-ഇലക്ടീവ് (2017 അഡ്മിഷൻ-

റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - സി.എസ്.എസ്.) പരീക്ഷകൾ ജൂൺ 19നം നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതി, സമയം, പരീക്ഷകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/1039/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്‌നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണയം, വൈവാവോസി ജൂൺ 11 മുതൽ 19 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1040/2019)

## പരീക്ഷഫലം

2018 ജനവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1041/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, സിനിമ ആന്റ് ടെലിവിഷൻ (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1042/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ആക്ച്വറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1043/2019)

2018 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജെനറ്റിക് എഞ്ചിനീയറിംഗ് (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1044/2019)

## അനുശോചിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അസിസ്റ്റന്റ് ജോജോ സിറിയകിന്റെ നിര്യാണത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ചത്വരത്തിൽ നടന്ന യോഗം അനുശോചിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന കെ. കോമളവല്ലി അനുശോചന പ്രമേയം അവതരിപ്പിച്ചു. പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, ഫിനാൻസ് ഓഫീസർ വൽസമ്മ കരുണാകരൻ, സർവീസ് സംഘടനാ പ്രതിനിധികളായ വി.പി. മജീദ്, ജോസ് മാത്യു, കെ. രാജഗോപാൽ, കെ.ജി. ഷാജി, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/1045/2019)

## സൗജന്യ ബാങ്ക്/എസ്.എസ്.സി. പരീക്ഷ പരിശീലനം

എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ച് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്‌മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ 30 ദിവസത്തെ സൗജന്യ ബാങ്ക്/എസ്.എസ്.സി. പരീക്ഷ പരിശീലനം ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1046/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ